# ആത്മവിശ്വാസമില്ലാത്ത പ്രാര്‍ഥനകള്‍ നിഷ്ഫലം

عَنْ اَبِي هُرَيْرَة رَضِيَ اللَّهُ عَنْهُ اَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لاَ يَقُولَنَّ اَحَدُكُمْ اللَّهُمَّ اغْفِرْلِي إِنْ شِئْتَ، اللَّهُمَّ ارْحَمْنِى إِنْ شِئْتَ لِيَعْزِمِ الْمَسْأَلَةَ فَإِنَّهُ لاَ مُكْرِهَ لَهُ. (بخاري، مسلم)

**അബൂഹുറയ്റ(റ)യില്‍നിന്ന്: നബി(സ) പറഞ്ഞു: "നിങ്ങളിലാരും 'നാഥാ, നീ ഉദ്ദേശിക്കുന്ന പക്ഷം എനിക്ക് പൊറുത്തു താ', 'നീ ഉദ്ദേശിക്കുന്ന പക്ഷം എനിക്ക് കരുണ ചെയ്തു താ' എന്ന് പ്രാര്‍ഥിക്കരുത്. ദൃഢതയോടെ വേണം അല്ലാഹുവിനോട് കാര്യങ്ങള്‍ ചോദിക്കാന്‍. ഒരു കാര്യത്തിലും അല്ലാഹുവിനെ നിര്‍ബന്ധിക്കുന്നവനായി ആരുമില്ല" (ബുഖാരി, മുസ്‌ലിം).**

അല്ലാഹുവിന്റെ കാരുണ്യവും പാപമോചനവും സദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നവനാണ് യഥാര്‍ഥ വിശ്വാസി. ഈ ആഗ്രഹത്തില്‍ നിന്നൊഴിവായ ഒരു വിനാഴിക പോലും അവന്റെ ജീവിതത്തില്‍ കടന്നുപോകുന്നില്ല. അല്ലാഹുവിന്റെ കാരുണ്യം കൂടാതെ ഒരു നിമിഷം പോലും മനുഷ്യന് ഈ ലോകത്ത് കഴിഞ്ഞുകൂടുക സാധ്യമല്ല. അവന്റെ റഹ്മത്തും മഗ്ഫിറത്തും കൂടാതെ നരകത്തില്‍നിന്ന് രക്ഷപ്പെടാനോ സ്വര്‍ഗത്തില്‍ പ്രവേശിക്കാനോ കഴിയുകയില്ല. യാഥാര്‍ഥ്യമിതായിരിക്കെ ഇതിനു വേണ്ടിയുള്ള അര്‍ഥനകളിലും തേട്ടങ്ങളിലും അഴകൊഴമ്പന്‍ നയം സ്വീകരിക്കുക വിശ്വാസിക്ക് ഭൂഷണമല്ല. അല്ലാഹു താല്‍പര്യപ്പെടുന്നെങ്കില്‍, അവന് ഇഷ്ടമാണെങ്കില്‍ കരുണ ചൊരിയട്ടെ, പൊറുത്തുതരട്ടെ എന്ന മനഃസ്ഥിതി വെച്ചാണ് ഒരുവന്റെ പ്രാര്‍ഥനയെങ്കില്‍ അത് അല്ലാഹു ഒട്ടും പരിഗണിക്കുകയില്ല. 'പറയുക, (ആത്മാര്‍ഥമായ) നിങ്ങളുടെ പ്രാര്‍ഥനയില്ലെങ്കില്‍ എന്റെ നാഥന്‍ നിങ്ങളെ ഒട്ടും പരിഗണിക്കുകയില്ല' (25:77) എന്ന ഖുര്‍ആനിക പാഠവും നമ്മുടെ മനസ്സിലുണ്ടായിരിക്കണം.

ഏത് അനുഷ്ഠാനത്തിലുമെന്നപോലെ പ്രാര്‍ഥനയിലും ആത്മാര്‍ഥതയും മനസ്സുറപ്പും അവശ്യം വേണ്ടതുണ്ട്. കളങ്കമുള്ള, കരളുറപ്പില്ലാത്ത പ്രാര്‍ഥന അല്ലാഹുവിങ്കല്‍ സ്വീകാര്യമല്ല. അതാണ് നബി (സ) പ്രകൃത ഹദീസിലൂടെ പഠിപ്പിക്കുന്നത്. ''പ്രാര്‍ഥിക്കുമ്പോള്‍ നിങ്ങള്‍ ദൃഢമായിത്തന്നെ പ്രാര്‍ഥിച്ചുകൊള്ളുക. 'നീ ഉദ്ദേശിച്ചെങ്കില്‍ എനിക്ക് പൊറുത്തു താ അല്ലാഹുവേ' എന്ന് ഒരിക്കലും പറയരുത്. കാരണം അവനെ ഒരു കാര്യത്തില്‍ നിര്‍ബന്ധിക്കുന്നവനായി ആരുമില്ല.'' അല്ലാഹുവിന് ഇഷ്ടമുള്ളതേ അവന്‍ ചെയ്യൂ എന്നാണിതിന്റെ സാരമെങ്കില്‍ പിന്നെ മേല്‍പറഞ്ഞ ശൈലിയിലുള്ള പ്രാര്‍ഥനകൊണ്ടെന്തു കാര്യം? അല്ലാഹുവിലുള്ള ദൃഢവിശ്വാസമില്ലായ്മയുടെ അടയാളമാണ് ഇത്തരം പ്രാര്‍ഥനകള്‍. വിശ്വാസ വൈകല്യവും ബലഹീനതയും ഇഖ്‌ലാസ് ഇല്ലായ്മയും മനുഷ്യന്റെ മുഴുവന്‍ സത്കര്‍മങ്ങളെയും വൃഥാവിലാക്കിക്കളയും. അത് നരകശിക്ഷക്ക് കാരണമാവുകയും ചെയ്യും.

നബി (സ) മറ്റൊരിക്കല്‍ പറഞ്ഞു: ''(നിങ്ങള്‍ അല്ലാഹുവിനോട് വല്ലതും ചോദിക്കുന്നുവെങ്കില്‍) മനസ്സുറപ്പോടു കൂടി ചോദിക്കുകയും (ചോദിക്കുന്നത് ന്യായമായും ലഭിച്ചിരിക്കണമെന്ന) മതിയായ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തുകൊള്ളട്ടെ. എന്തുകൊണ്ടെന്നാല്‍ അല്ലാഹു കൊടുക്കുന്ന ഒന്നും അവന്റെയടുക്കല്‍ വലുതല്ല'' (മുസ്‌ലിം). അതിനാല്‍ വിശ്വാസി അല്ലാഹുവിനോട് എന്തു ചോദിക്കുമ്പോഴും ദൃഢമായിത്തന്നെ ചോദിക്കണം. താനിതിന് അര്‍ഹനാണോ, താനൊരു പാപിയായിപ്പോയില്ലേ, തന്നെ അല്ലാഹു പരിഗണിക്കാതിരുന്നാലോ എന്നും മറ്റുമുള്ള സംശയത്തിന്റെയും ശങ്കയുടെയും ഉറപ്പില്ലായ്മയുടെയും ആത്മവിശ്വാസക്കുറവിന്റെയും അകമ്പടിയോടെയുള്ള പ്രാര്‍ഥന അരുതെന്ന ഉപര്യുക്ത വചനം വിശ്വാസികള്‍ സദാ ഓര്‍ത്തുവെക്കേണ്ടതുണ്ട്.

അല്ലാഹുവിങ്കല്‍നിന്ന്, പ്രാര്‍ഥിക്കാനുള്ള അനുമതിയും പ്രാര്‍ഥന സ്വീകരിക്കാമെന്നുള്ള അല്ലാഹുവിന്റെ ഉറപ്പും ലഭിച്ച മനുഷ്യന്‍ എത്ര സൗഭാഗ്യവാന്‍; അനുഗൃഹീതന്‍! ●